VI റൂളിംഗ്

നിരോധിത വസ്തുക്കൾ സഭയിൽ പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ഓർഡർ,.....ഓർഡർ..... എല്ലാ മെമ്പർമാരും ഒന്ന് ശ്രദ്ധിക്കണം. ഇന്നലെ നിയമസഭയിൽ അടിയന്തിര പ്രമേയ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. എം. ജേക്കബ് പോലീസ് ലാത്തിച്ചാർജ്ജിനെയും ഗ്രനേഡ് പ്രയോഗത്തെയുംപറ്റി പരാമർശിക്കവേ ഒരു ഗ്രനേഡ് പ്രദർശിപ്പിക്കുകയും ആയത് പോലീസ് സമരക്കാർക്ക് എതിരെ പ്രയോഗിച്ച പൊട്ടാത്ത ഗ്രനേഡാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ചെയർ ഇതിനെ ചട്ടവിരുദ്ധമാണെന്ന് പ്രഖ്യാപിക്കുകയും കർശനമായി വിലക്കുകയും ഗ്രനേഡ് സഭയ്ക്ക് പുറത്തു കൊണ്ടുപോകണമെന്ന് കർശന നിർദ്ദേശം നൽകുകയും അതു പ്രകാരം പ്രവർത്തിക്കുകയും ചെയ്തു. പക്ഷേ പിന്നീടുള്ള മാധ്യമങ്ങളുടെ വിശദീകരണത്തിനും പലരിലും പല സംശയങ്ങളും വന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച് വ്യക്തമായ റൂളിംഗ് ആവശ്യമാണെന്ന് ചെയറിന് ബോധ്യപ്പെട്ടിരിക്കുകയാണ്. കേരള നിയമസഭയിൽ ആദ്യമായിട്ടാണ് ഒരംഗം ഗ്രനേഡ് കൊണ്ടുവന്ന് പ്രദർശിപ്പിക്കുന്നത്. സഭയിൽ ഇതിനുമുമ്പ് 1987 ഓഗസ്റ്റ് 17-ാം തീയതി ഒരംഗം കഞ്ചാവും ബ്രൗൺഷുഗറും കൊണ്ടുവന്ന സംഭവത്തെ വളരെ സീരിയസായി സഭ അപലപിക്കുകയും ആ സംഭവത്തിൽ ഉൾപ്പെട്ട അംഗം ഒരു പുതിയ അംഗമായതിനാൽ സഭയുടെ സെൻസ് എടുത്ത് അദ്ദേഹത്തിന് മാപ്പ് നൽകുന്നു എന്ന റൂളിംഗ് നൽകുകയുമുണ്ടായി. അതുപോലെ 1997 ഡിസംബർ 11-ാം തീയതി അബ്കാരി ബില്ലിന്റെ ചർച്ചാവേളയിൽ ഒരംഗം രണ്ടുകുപ്പി ബിയർ സഭയിൽ പ്രദർശിപ്പിച്ചപ്പോൾ ഇതുപോലെയുള്ള വസ്തുക്കൾ സഭയിൽ പ്രദർശിപ്പിക്കുന്നത് സഭയുടെ നിലവാരത്തിനോ അന്തസ്സിനോ യോജിച്ച പ്രവർത്തിയല്ലെന്നും മെമ്പറുടെ നടപടി അങ്ങേയറ്റം അപലപനീയമാണെന്നും ചെയർ റൂളിംഗ് നൽകുകയുണ്ടായി. Kaul and Shakdher Practice and procedure of Parliament, Page 311-ൽ Rules to be observed by Members while present in the House- എന്ന ഭാഗത്ത് Members are forbidden:- To produce exhibits during debate എന്ന് പറയുന്നുണ്ട്. നാടകീയ രംഗം സൃഷ്ടിക്കാൻ വസ്തുക്കൾ പ്രദർശിപ്പിക്കുന്നതും ഇവിടെ അത് പറാജരാക്കുന്നതും തെറ്റാണെന്ന് ശക്ധർ ആന്റ് കൗളിൽ പ്രതിപാദിച്ചിട്ടുണ്ട്. ലോക്സഭയിൽ 28-2-1983-ൽ ഒരു ബഹുമാനപ്പെട്ട അംഗം ശ്രീ. മധു ദന്താവതെ വിവോൾവർ സഭയിൽ പ്രദർശിപ്പിക്കുകയും ബഹുമാനപ്പെട്ട അംഗങ്ങൾ തടസ്സവാദങ്ങൾ ഉന്നയിച്ചതിനെ തുടർന്ന് സഭയിൽ ആയുധങ്ങൾ പ്രദർശിപ്പിക്കുന്നതിനെ ബഹുമാനപ്പെട്ട സ്പീക്കർ ശക്തമായി അപലപിക്കുകയും ബഹുമാനപ്പെട്ട അംഗം നിരുപാധികം ഖേദം പ്രകടിപ്പിച്ചതിനാൽ തുടർ നടപടികൾ വേണ്ടെന്നു വയ്ക്കുകയും ചെയ്ത സംഭവം ചെയർ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതിനു പുറമെ ലോക്സഭാ സ്പീക്കർ നൽകിയിട്ടുള്ള ഡയറക്ഷൻ 124 ന്റെ അനുസരിച്ച് — Carrying of fire arms, Lathis, Spear, Sword, Sticks, Brickbats

LIBRARY ARCHIVES Kerala Legislative Assembly

are prohibited within the area of Parliament House എന്ന് പറഞ്ഞിട്ടുണ്ട്. ഒരു ബഹുമാനപ്പെട്ട അംഗം ഇന്നലെ സഭയിൽ പ്രദർശിപ്പിച്ച ഗ്രനേഡ് എവിടെനിന്ന് ലഭിച്ചതാണെന്നോ അത് നിർവ്വീര്യമാക്കിയതാണോ എന്നതിനെപ്പറ്റി ചെയർ അഭിപ്രായം പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഇത്തരത്തിലുള്ള സ്ഫോടക വസ്തുക്കൾ സഭയിൽ കൊണ്ടുവരുന്നതും പ്രദർശിപ്പിക്കുന്നതും ഒരു തരത്തിലും അംഗീകരിക്കാവുന്ന നടപടിയാണെന്ന് ചെയർ കരുതുന്നില്ല. അതുകൊണ്ട് സ്ഫോടക വസ്തുക്കൾ, മാരകായുധങ്ങൾ, മറ്റ് നിരോധിത വസ്തുക്കൾ എന്നിവ സഭയിൽ കൊണ്ടുവരുന്നതും പ്രദർശിപ്പിക്കുന്നതും കർശനമായി നിരോധിച്ചിരിക്കുന്നു. ഒരു നിയമസഭാ സാമാജികൻ എന്ന നിലയിലുള്ള സംരക്ഷണം ഇപ്രകാരം പ്രയോഗിക്കാതിരിക്കാൻ മേലിൽ അംഗങ്ങൾ ശ്രദ്ധിക്കണമെന്ന് ചെയർ പ്രത്യാശിക്കുന്നു. ഈ റൂളിംഗ് ബഹുമാനപ്പെട്ട അംഗങ്ങൾക്കുള്ള ഡയറക്ഷനായി കണക്കാക്കേണ്ടതാണ്.

ശ്രീ. എ.കെ. ബാലൻ: സർ, ബന്ധപ്പെട്ട ഒരു ഓർഡിനൻസ് നിരാകരണത്തിന് ഞാൻ സഭയിൽ ഇല്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട എം.വി. ജയരാജനെ ഞാൻ ഓതറൈസ് ചെയ്തിരുന്നു. ഞാൻ നിയമപരമായി എഴുതിക്കൊടുത്തതാണ്. നടപടിക്രമങ്ങളെ സംബന്ധിച്ച് അജ്ഞതയുള്ള ആളല്ല ഞാൻ. പക്ഷേ ബഹുമാനപ്പെട്ട സ്പീക്കർ അന്ന് അദ്ദേഹത്തെ അനുവദിച്ചില്ല. അതിന്റെ ഭാഗമായി അദ്ദേഹത്തിന് സംസാരിക്കാൻ കഴിഞ്ഞില്ല. അതുവഴി എനിക്കും അദ്ദേഹത്തിനും സംഭവിച്ച നഷ്ടം ആ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല എന്നുള്ളതാണ്. ഇനി എനിക്കത് തിരിച്ചു കിട്ടാൻ പോകുന്നില്ല. ആരാണ് ബഹുമാനപ്പെട്ട ചെയറിനെ ഈ രൂപത്തിൽ തെറ്റായി ധരിപ്പിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കി നടപടി ബഹുമാനപ്പെട്ട സ്പീക്കർ തീരുമാനിക്കണം. അങ്ങ് നടപടിക്രമങ്ങളെ സംബന്ധിച്ച് നല്ലവിവരമുള്ള ആളാണ് എന്ന ധാരണ എനിക്കുണ്ട്. അത് ഇല്ലാതായിട്ടില്ല. പിന്നെ എങ്ങനെ ഇത് സംഭവിച്ചു എന്നുള്ളത് സംബന്ധിച്ച് അറിയാനുള്ള എന്റെ ആഗ്രഹം ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. ഒരു ക്ലാരിഫിക്കേഷൻ എനിക്ക് തരണം. ഞാൻ ഇത് എഴുതിക്കൊടുത്തതാണ്. എന്നെയടക്കം പുച്ഛിക്കുന്ന ഒരു സംഭവമാണ് ഇത്. അതുകൊണ്ടാണ് പറയുന്നത്.

മി. സ്പീക്കർ: ഇതു സംബന്ധിച്ച് വ്യക്തമായ വിശദീകരണം ഇന്നലെ കൊടുത്തു. ശ്രീ. ബാലൻ ഇല്ലാത്തതുകൊണ്ട് കേട്ടിട്ടില്ലെങ്കിൽ ഞാൻ നേരിട്ട് പറയാം.

ശ്രീ. ടി. എം. ജേക്കബ്: അങ്ങ് ഇവിടെ നൽകിയ റൂളിംഗ് സഭയ്ക്ക് പൊതുവെ ബാധകമാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല. സമര മുഖങ്ങളിൽ ഇങ്ങനെയുണ്ടാകുന്ന പ്രശ്നങ്ങൾ സ്വാഭാവികമായും സഭയിൽ പറയേണ്ടി വരും. പറയാൻ അങ്ങ് അവസരം തരികയും ചെയ്യുന്നുണ്ട്. അങ്ങനെയെങ്കിൽ ഇങ്ങനെയുള്ള വസ്തുക്കൾ സമര മുഖങ്ങളിൽ ഉപയോഗിക്കുന്നത് സ്പീക്കറെ കൊണ്ട് കാണിച്ചാൽ സ്പീക്കർ അത് സഭയിൽ പറയാനുള്ള സന്ദർഭം ഒരുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് സംബന്ധിച്ച് നിയമം ഉണ്ട്, ചട്ടങ്ങളുണ്ട്. ബഹുമാനപ്പെട്ട ജേക്കബ്ബിന് ഇതൊക്കെ അറിയാം. ഇത് ഇവിടെ ചർച്ച ചെയ്യേണ്ട കാര്യമില്ല. അങ്ങ് പരിണതപ്രജ്ഞനാണ്. പക്ഷേ അടുത്ത കാലത്തുണ്ടായ മാറ്റം എന്താണെന്ന് എനിക്കറിയില്ല.

VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 34-ാമത് റിപ്പോർട്ട്

മി. സ്പീക്കർ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. എ. സുജനപാൽ സമിതിയുടെ 34 ാമത് റിപ്പോർട്ട് അംഗീകരിക്കണം എന്ന പ്രമേയം അവതരിപ്പിക്കേണ്ടതാണ്.

ശ്രീ. എ. സുജനപാൽ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 34-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. റക്കം പുരുഷോത്തമൻ):* സർ, ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: 34-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 2005-ലെ കേരള ലൈറ്റ് ആന്റ് സൗണ്ട് തൊഴിലാളി ക്ഷേമനിധി ബിൽ

(2) 2005-ലെ കേരള കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് പരിശീലകരുടെ ക്ഷേമനിധി ബിൽ (ശ്രീ. എം. മുരളി നോട്ടീസ് നൽകിയത്)

(നോട്ടീസ് നൽകിയ അംഗം സഭയിൽ ഹാജരില്ലാതിരുന്നതിനാൽ 2005-ലെ കേരള ലൈറ്റ് ആന്റ് സൗണ്ട് തൊഴിലാളി ക്ഷേമനിധി ബില്ലിന്റെയും 2005-ലെ കേരള കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് പരിശീലകരുടെ ക്ഷേമനിധി ബില്ലിന്റെയും അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ അവതരിപ്പിച്ചില്ല.)

LIBRARY ARCHIVES Kerala Legislative Assembly